**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1600** **08-10-2021 - ൽ മറുപടിയ്ക്ക്**

**പഴം പച്ചക്കറി സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പഴം പച്ചക്കറി സംഭരണം ഏത് രീതിയിലാണ് നടപ്പിലാക്കുന്നതെന്നും ആയതിന്റെ തറവില പ്രഖ്യാപിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (എ) | കൃഷി വകുപ്പ് സംഭരിക്കുന്ന ഉത്പന്നങ്ങൾ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ് വിപണികൾ, വി.എഫ്.പി.സി.കെ വിപണികൾ തുടങ്ങി താഴെ പറയുന്ന 1884 മാർക്കറ്റുകളിലായി വിപണനം നടത്തി വരുന്നു. കൂടാതെ സുഭിക്ഷ കേരളത്തിന്റെ ഭാഗമായി 562 പുതിയ ആഴ്ച്ചച്ചന്തകൾ വഴിയും, മുഖ്യമന്ത്രിയുടെ നൂറ്റ ദിന പരിപാടിയുടെ ഭാഗമായി തുടങ്ങിയ 100 നഗര വഴിയോര ചന്തകൾ വഴിയും ഉത്പന്നങ്ങൾ വിറ്റഴിച്ചിട്ടുണ്ട്. കൃഷിവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലക്ക് ഉൽപന്നങ്ങൾ ലഭ്യമാക്കാനും വഴി ഒരുക്കുന്നു. സംസ്ഥാന സർക്കാർ 16 ഇനം പഴം പച്ചക്കറികൾക്ക് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം പച്ചക്കറി താങ്ങുവില പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ താഴെ കൊടുത്തിട്ടുള്ള 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. |
| (ബി) | ഈ പദ്ധതിയിലേയ്ക്ക് വൻകിട സംരംഭകരെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും ചില്ലറ സംഭരണമാണോ സർക്കാർ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | ഈ പദ്ധതി കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന തിരഞ്ഞെടുത്ത 550 വിപണികൾ വഴിയാണ് നടപ്പിലാക്കുന്നത്. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ |

| | | | |
|---|---|---|---|
| | | | പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മറ്റിയുടെ ശുപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതിൻ പ്രകാരം ഉല്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തിരഞ്ഞെടുത്ത 550 വിപണികൾ വഴി സംഭരിക്കുന്നു. ഇതിൽ 250 വിപണികൾ PACS ന്റെയും, 300 വിപണികൾ കൃഷി വകുപ്പിന്റേതുമാണ്. കൃഷി വകുപ്പിന്റെ കീഴിലുള്ള മാർക്കറ്റുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു |
| (സി) | പച്ചക്കറി സംഭരണത്തിന് പഞ്ചായത്തുകളെയും സഹകരണ സംഘങ്ങളെയുമാണോ ഏൽപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സ്ഥാപനങ്ങളെ വിപണിയിൽ ഇടപെടുത്തുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | പദ്ധതി പ്രകാരം അടിസ്ഥാന വില ലഭിക്കുന്നതിന് കർഷകർ ഉല്പന്നങ്ങൾ PACS ലേക്ക് എത്തിക്കേണ്ടതാണ്. സ്വന്തം സംവിധാനങ്ങളിലൂടെ സംഭരിക്കുന്ന കാർഷികവിളകളുടെ വിപണി ഉറപ്പാക്കുന്നതിൽ PACS ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതാണ്. തിരഞ്ഞെടുത്ത വിളകളുടെ അടിസ്ഥാന വില PACS കർഷകർക്ക് നൽകുകയും PACSനു ലഭിക്കേണ്ട ഗ്യാപ് ഫണ്ട് സംബന്ധിച്ച ക്ലെയിം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് സമർപ്പിക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനം ഫണ്ട് അതാത് PACS ന് നൽകേണ്ടതുമാണ്. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ ചെയർമാനായും പ്രാഥമിക കാർഷിക സഹകരണ സംഘം പ്രസിഡന്റ് വൈസ് ചെയർമാനായും പ്രാഥമിക കാർഷിക സഹകരണസംഘം സെക്രട്ടറി കൺവീനർ ആയും മറ്റ് അനുബന്ധ സ്ഥാപനങ്ങളുടെ പ്രതിനിധികൾ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ഈ കമ്മിറ്റി അംഗീകരിച്ച ക്ലെയിം PACS ന് നൽകുകയും ഗ്യാപ്പ് ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനം PACS ന് മാറി നൽകേണ്ടതും PACS ന്റെ ക്ലെയിം പ്രകാരം മാറി നൽകേണ്ട അർഹതപ്പെട്ട തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതും ടി തുക സർക്കാർ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ചു പിടിച്ച് (Recoup) നൽകുന്നതുമാണ്. |
| (ഡി) | സംഭരിച്ച പഴം, പച്ചക്കറിയുടെ വിലയും കൈകാര്യ ട്രാന്സ്പോർട്ടിംഗ് ചാർജുകളും കർഷകർക്ക് കൊടുത്ത് തീർത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ലോക്ക് ഡൗൺ കാലയളവിൽ കർഷകരിൽ നിന്നും സംഭരിച്ച പച്ചക്കറികളുടെ വില കർഷകർക്ക് പ്രിൻസിപ്പൽ കൃഷി ഓഫീസർമാരുടെ റിവോൾവിംഗ് ഫണ്ടിൽ നിന്നും നൽകുവാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് 11,56,20,872 രൂപ നൽകിയിട്ടുണ്ട്. 8,41,09,811 |

| | | | |
|---|---|---|---|
| | | | രൂപ ഹോർട്ടികോർപ്പ് പ്രിൻസിപ്പൽ കൃഷി ഓഫീസർമാരുടെ TSB അക്കൗണ്ടിൽ നൽകിയിട്ടുണ്ട്. പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് ബാക്കി തുക തിരികെ നൽകുന്നതിനുള്ള നടപടി ഹോർട്ടികോർപ്പ് സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ

മാർക്കറ്റുകൾ

| | |
|---|---|
| എ ഗ്രേഡ് ക്ലസ്റ്റർ | 256 |
| BLFO- ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്റർ | 37 |
| എക്കോ ഷോപ്പ് | 466 |
| വീക്കിലി മാർക്കറ്റ്സ് | 398 |
| VFPCK | 307 |
| ഹോർട്ടി കോർപ്പ് | 369 |
| മൊത്ത വ്യാപാര വിപണി | 6 |
| മറ്റുള്ളവ | 45 |
| ആകെ | 1884 |

അടിസ്ഥാനവില

| **ക്രമ നം.** | **വിള** | **അടിസ്ഥാന വില** |
|---|---|---|
| 1 | മരച്ചീനി | 12 |
| 2 | നേന്ത്രൻ<br>വയനാടൻ നേന്ത്രൻ | 30<br>24 |
| 3 | കൈതച്ചക്ക | 15 |
| 4 | കുമ്പളം | 9 |
| 5 | വെള്ളരി | 8 |
| 6 | പാവൽ | 30 |
| 7 | പടവലം | 16 |
| 8 | വള്ളിപ്പയർ | 34 |

| | | |
|---|---|---|
| 9 | തക്കാളി | 8 |
| 10 | വെണ്ട | 20 |
| 11 | ക്യാബേജ് | 11 |
| 12 | ക്യാരറ്റ് | 21 |
| 13 | ഉരുളക്കിഴങ്ങ് | 20 |
| 14 | ബീൻസ് | 28 |
| 15 | ബീറ്റ്റൂട്ട് | 21 |
| 16 | വെളുത്തുള്ളി | 139 |

| | |
|---|---|
| വി.എഫ്.പി.സി.കെ | 250 |
| ഹോർട്ടികോർപ് | 18 |
| ഇക്കോഷോപ്പുകൾ | 12 |
| എ ഗ്രേഡ് ക്ലസ്റ്ററുകൾ | 14 |
| മൊത്തവ്യാപാര വിപണികൾ | 6 |
| ആകെ | 300 |